**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6580** **11-07-2024 - ൽ മറുപടിയ്ക്ക്**

**കാക്കാതോട് പാലം പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ കോട്ടപ്പടി റോഡിൽ ആര്യവൈദ്യശാലയ്ക്ക് സമീപമുള്ള കാക്കാതോട് പാലം പുനർനിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ കോട്ടപ്പടി റോഡിൽ ആര്യവൈദ്യശാലയ്ക്ക് സമീപമുള്ള കാക്കാതോട് പാലം പുനർനിർമ്മിക്കുന്നതിനായി 27.05.2023 തീയതിയിലെ സ.ഉ(സാധാ)നം.678/2023/ പൊ.മ.വ പ്രകാരം 516 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കൽ ആവശ്യമാണ്. പ്രവൃത്തിക്ക് ആവശ്യമായ സ്ഥല ലഭ്യത ഉറപ്പുവരുത്തുന്നതിന് പുറമ്പോക്ക് ഭൂമി തിട്ടപ്പെടുത്തി രേഖകൾ കൈമാറുന്നതിന് റവന്യൂ അധികാരികൾക്ക് കത്തുകൾ നൽകുകയും താലൂക്ക് സർവേയർ സ്ഥലം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വേ സ്കെച്ച് ലഭ്യമായ ശേഷം തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ